## പതിനാലാം കേരള നിയമസഭ
### രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2064 — 6.10.2016-ൽ മറുപടിയ്ക്ക്

## ദേശീയ നിലവാരമുള്ള റോഡുകൾ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.എം. വിൻസെന്റ്<br>,, അൻവർ സാദത്ത്<br>,, വി.ഡി.സതീശൻ<br>,, റോജി എം. ജോൺ | ശ്രീ.ജി.സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്തെ റോഡുകൾ ദേശീയ നിലവാരത്തിലേക്ക് ഉയർത്തുന്നതിനായി എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ ; | (എ) സംസ്ഥാനത്തെ ദേശീയപാത വിഭാഗത്തിൻകീഴിലുള്ള റോഡുകളെല്ലാം തന്നെ ഐ.ആർ.സി സ്പെസിഫിക്കേഷനും മോർത്ത് ഗൈഡ് ലൈൻസും അനുസരിച്ച് ദേശീയ നിലവാരത്തിലാണ് നിർമ്മിച്ചിട്ടുള്ളത്. കൂടാതെ ദേശീയ പാത വികസനവുമായി ബന്ധപ്പെട്ട് സംസ്ഥാനത്തെ ദേശീയപാതയൊഴികെയുള്ള സംസ്ഥാന പാതകൾ, മേജർ ജില്ലാ റോഡുകൾ, മറ്റ് പ്രധാന റോഡുകൾ, അന്തർസംസ്ഥാന പാതകൾ, സാമ്പത്തിക പ്രാധാന്യമുള്ള പാതകൾ എന്നിവ കേന്ദ്രസർക്കാരിന്റെ സി.ആർ.എഫ് പദ്ധതിയിൽ ഉൾപ്പെടുത്തി കേന്ദ്രസർക്കാരിന്റെ അനുമതി ലഭിക്കുന്ന മുറയ്ക്ക് ദേശീയ നിലവാരത്തിൽ നവീകരിക്കുന്നുണ്ട്. കേരള റോഡ് ഫണ്ട്ബോർഡിന്റെ ആഭിമുഖ്യത്തിൽ നടപ്പിലാക്കുന്ന നഗര റോഡു വികസന പദ്ധതികളിൽ ദേശീയനിലവാരത്തിലാണ് റോഡുകൾ പുനർ നിർമ്മിക്കുന്നത്. പൊതുമരാമത്ത് വകുപ്പ് നിരത്തുകളും പാലങ്ങളും വിഭാഗത്തിന്റെ അധീനതയിലുള്ള SH/MDR എന്നിവ ദേശീയനിലവാരത്തിൽ ഉയർത്തുന്നതിന്റെ ഭാഗമായി MORTH specification പ്രകാരമാണ് നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള എസ്റ്റിമേറ്റുകൾ തയ്യാറാക്കി പ്രവൃത്തികൾ നടപ്പിലാക്കി വരുന്നുണ്ട്. പരമ്പരാഗതമായ 20mm chipping carpet ഉപയോഗിച്ച് ഉപരിതലം പുതുക്കുന്നതിന് പകരം |

| | | |
|---|---|---|
| | | ഘട്ടംഘട്ടമായി SH-ലും MDR-ലും ആധുനിക നിലവാരത്തിലുള്ള BM & BC ഉപയോഗിച്ച് ഉപരിതലം പുതുക്കൽ പ്രവൃത്തികൾ നടപ്പിലാക്കി വരുന്നു. ബിറ്റുമിൻസ് മെക്കാഡം, ബിറ്റുമിൻസ് കോൺക്രീറ്റ് എന്നിവ ഉപയോഗിച്ച് റോഡുകൾ നിർമ്മിക്കുകയും,ഇതുകൂടാതെ റെക്ലോ റിഫ്ളക്റ്റീവ് സൈൻബോർഡുകളും, റോഡ് മാർക്കിംഗ് എന്നീ റോഡ് സുരക്ഷാ സംവിധാനവും നടപ്പിലാക്കി അപകടങ്ങൾ ഒഴിവാക്കുന്ന നടപടികൾ സ്വീകരിച്ചു വരുന്നു. ഫണ്ടിന്റെ ലഭ്യത അനുസരിച്ച് പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള എല്ലാ റോഡുകളും ദേശീയനിലവാരത്തിൽ ഉയർത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | റോഡുകളുടെ അറ്റകുറ്റപണികൾക്ക് പ്രതിവർഷം സംസ്ഥാനം എത്ര കോടി രൂപ ചെലവഴിക്കുന്നുണ്ടെന്ന് കണക്കാക്കിയിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) ദേശീയ പാതാ വിഭാഗത്തിൽ കീഴിൽ റോഡുകളുടെ അറ്റകുറ്റപണികൾക്കായി സംസ്ഥാന സർക്കാർ കഴിഞ്ഞ സാമ്പത്തിക വർഷം 67.97 ലക്ഷം രൂപയും റോഡു വിഭാഗത്തിൽ കഴിഞ്ഞ സാമ്പത്തിക വർഷം 899.86 കോടിരൂപയും ചെലവഴിച്ചിട്ടുണ്ട്. |
| (സി) | റീഹാബിലിറ്റേഷൻ പാക്കേജിലും, അപ്ഗ്രഡേഷൻ പാക്കേജിലും ഉൾപ്പെടുത്തിയിട്ടുള്ള റോഡുകൾ ദീർഘകാലം തകരാതിരിക്കുവാനുള്ള എന്ത് സംവിധാനമാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വ്യക്തമാക്കുമോ? | (സി) അന്താരാഷ്ട്ര നിലവാരത്തിലുള്ള മാനദണ്ഡങ്ങൾ അനുസരിച്ചാണ് കെ.എസ്.റ്റി.പി. റോഡുകൾ നിർമ്മിക്കുന്നത്. നിർമ്മാണ സാമഗ്രികൾക്കുള്ള ടെസ്റ്റുകൾ പണി സ്ഥലത്തുതന്നെ ലാബുകൾ സജ്ജമാക്കി ടെസ്റ്റു ചെയ്തു ഉറപ്പു വരുത്തിയാണ് നിർമ്മാണം നടത്തുന്നത്. അന്താരാഷ്ട്ര ഗുണനിലവാരത്തിനുള്ള നിർമ്മാണത്തിനുള്ള നിർദ്ദേശങ്ങൾ വച്ചാണ് എഗ്രിമെന്റ് ഒപ്പിട്ടിട്ടുള്ളത്. ഗ്ലോബൽ ടെണ്ടർ വഴി നിയമിച്ച കൺസൾട്ടന്റിന്റെ മേൽനോട്ടത്തിലാണ് നിർമ്മാണ പ്രവർത്തനം നടക്കുന്നത്. |

സെക്ഷൻ ഓഫീസർ